പത്രക്കുറിപ്പ്
12/11/2018

## ഡിഡിയുജികെവൈ പദ്ധതിയുമായി സഹകരണം ഉറപ്പിച്ച് വ്യവസായികളുടെ കൂട്ടായ്മയായ ടൈ (ദ ഇൻഡസ് എന്റർപ്രണേഴ്സ്)

- **ആറ് കമ്പനികൾ കുടുംബശ്രീയുമായി സഹകരിക്കാൻ സന്നദ്ധത അറിയിച്ചു**
- **വൈവിധ്യമാർന്ന മേഖലകളിൽ പരിശീലനവും തൊഴിലും നേടാനുള്ള അവസരങ്ങൾ വർദ്ധിക്കും**

തിരുവനന്തപുരം: ഗ്രാമങ്ങളിലെ നിർധനരായ യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനത്തിനൊപ്പം തൊഴിലും ഉറപ്പ് നൽകുന്ന കേന്ദ്ര പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജ നയ്ക്കൊപ്പം (ഡിഡിയുജികെവൈ) ചേർന്ന് പ്രവർത്തിക്കാൻ സംരംഭ കൂട്ടായ്മയായ ടൈ (TiE- The Indus Entreprenuers- ദ ഇൻഡസ് എന്റർപ്രണേഴ്സ്) രംഗത്ത്. കേരളത്തിൽ ഡിഡിയുജികെവൈ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. ആഗോളതലത്തിൽ സംരംഭകത്വത്തിന് പുതു മാനം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 1992ൽ അമേരിക്കയിൽ ആരംഭിച്ച ടൈ എന്ന സംഘടന ഇന്ന് ഈ മേഖലയിലെ ലോകത്തിലെ ഏറ്റവും വലിയ കൂട്ടായ്മയാണ്. പുതു സംരംഭകർക്ക് മാർഗ്ഗനിർദ്ദേശം നൽകുക, അവരുടെ വ്യവസായം മെച്ചപ്പെടുത്തുന്നതിന് സാമ്പത്തിക സഹായമുൾപ്പെടെയുള്ള പിന്തുണയേകുക, പരിചയ സമ്പന്നരായ സംരംഭകർക്ക് മൂലധനം കണ്ടെത്തി നൽകുക തുടങ്ങിയ ലക്ഷ്യങ്ങൾ ഈ സംഘടന വർഷങ്ങളായി നിറവേറ്റി വരുന്നു. ഇത് വഴി സംരംഭകത്വം ശക്തിപ്പെടുത്തുന്നതിനൊപ്പം സമൂഹത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുകയും ചെയ്യുകയാണ് ടൈ.

ടൈ ഗ്ലോബലിന്റെ കേരളത്തിലെ വിഭാഗമായ ടൈ കേരളയാണ് ഡിഡിയുജികെവൈ പദ്ധതിക്കൊപ്പം ചേർന്ന് പ്രവർത്തിക്കുന്നതിന് തയാറെടുക്കുന്നത്. ഐടി, ടൂറിസം, ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമൊബൈൽസ് തുടങ്ങിയ വിവിധ മേഖലകളിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും ഉൾപ്പെടെ എഴുനൂറിലേറെ പേർ ടൈ കേരള അംഗങ്ങളാണ്. ഡിഡിയുജികെവൈ പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ടൈ കേരളയും കുടുംബശ്രീയും ചേർന്ന് എറണാകുളത്ത് പ്രത്യേക യോഗം സംഘടിപ്പിച്ചിരുന്നു. വ്യവസായ മേഖലയും ഡിഡിയുജികെവൈ പദ്ധതിയും ഒന്ന് ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ യോഗത്തിൽ വിശദീകരിച്ചു. തുടർന്ന് ചർച്ചയും നടന്നു.

ഡിഡിയുജികെവൈ വഴി പരിശീലനം നൽകുന്ന പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ (പിഐഎ) ആയി രജിസ്ട്രർ ചെയ്യാൻ ടൈ കേരള അംഗങ്ങളായ ആറ് കമ്പനികൾ മുന്നോട്ട് വന്നു. ഈ കമ്പനികൾ ഏത് മേഖലയിലാണോ തങ്ങൾക്ക് മാനുഷിക വിഭവശേഷി ആവശ്യമുള്ളത്, ആ മേഖലയിലെ വിവിധ കോഴ്സുകൾ വഴി ഡിഡിയുജികെവൈ മാനദണ്ഡങ്ങൾ പാലിച്ച് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകും. പരിശീലനം പൂർത്തിയാക്കുന്നവരെ ഒഴിവുകളുള്ള മേഖലയിൽ നിയമിക്കാനുമാകും. ഈ കമ്പനികൾ കുടുംബശ്രീയുമായി കരാറിലെത്തുന്നതോടെ ഐടിയും അക്കൗണ്ടിങ്ങും ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ പരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്ക് തൊഴിൽ സാധ്യത വർദ്ധിക്കുകയും ചെയ്യും.

2015ലാണ് കേരളത്തിൽ ഡിഡിയുജികെവൈ പദ്ധതി പ്രവർത്തനം കുടുംബശ്രീ നടപ്പിലാക്കി തുടങ്ങിയത്. 71200 യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകുകയാണ് ലക്ഷ്യമി ട്ടിരിക്കുന്നത്. ഇതുവരെ 32413 പേർക്ക് പരിശീലനം നൽകി. അതിൽ 24609 പേർക്ക് ജോലിയും ലഭിച്ചു. പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കിയതിന് ദേശീയ തലത്തിൽ 2017-18 വർഷത്തിൽ മൂന്നാം സ്ഥാനവും 2017-18 വർഷത്തിൽ രണ്ടാം സ്ഥാനവും കുടുംബശ്രീയ്ക്ക് ലഭിച്ചിരുന്നു. കൂടാതെ 200 കോടി രൂപ അധിക പദ്ധതി തുകയായും കേന്ദ്രം അനുവദിച്ചു. 15നും 35നും ഇട യിൽ പ്രായമുള്ളവർക്കാണ് നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയുക. സ്ത്രീ കൾക്കും അംഗപരിമിതർക്കും 45 വയസ്സാണ് ഉയർന്ന പ്രായപരിധി. ഡിഡിയുജികെവൈ പരി ശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്കും പരിശീലനം പൂർത്തിയാക്കിയവർക്കും പിന്തുണയേകുന്നതിനായി കുടുംബശ്രീ കോൾ സെന്ററും മൈഗ്രേഷൻ സപ്പോർട്ട് സെന്ററും ജോബ് പോർട്ടലും ആരംഭിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ